കേരളത്തിലേക്കാവശ്യമായ മണ്ണെണ്ണ എത്രത്തോളം വരുമെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്; ഏതെല്ലാം ആവശ്യങ്ങൾക്കാണ് മണ്ണെണ്ണ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

സംസ്ഥാനത്തെ ഇപ്പോഴുള്ള ആവശ്യത്തിന് പ്രതിമാസം 38280 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. വിളക്കു കത്തിക്കുന്നതിനും പാചകാവശ്യത്തിനും മാത്രമാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് മണ്ണെണ്ണ അനുവദിച്ചു നൽകുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റ് ഇതിൽ നിന്നും മത്സ്യബന്ധനത്തിനും കാർഷികാവശ്യങ്ങൾക്കുമായി ഓരോ വിഹിതം അനുവദിച്ചു നൽകുന്നുണ്ട്.

100 (2286) പുതിയ മണ്ണെണ്ണ പെർമിറ്റ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വിനോദ-സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ വരുന്ന പുതിയ മണ്ണെണ്ണ പെർമിറ്റിന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഓരോ പഞ്ചായത്തിലും എത്ര അപേക്ഷകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്;

(സി) ബാക്കിയുള്ള അപേക്ഷകർക്ക് എന്നത്തേയ്ക്ക് പെർമിറ്റ് നൽകാനാകും എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കലണ്ടർ വർഷത്തിൽത്തന്നെ പരമാവധി അപേക്ഷകർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കൊട്ടാരക്കര താലൂക്ക് സപ്ലൈ ആഫീസിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ പുതിയ മണ്ണെണ്ണ പെർമിറ്റിന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളുടെ എണ്ണവും അനുവദിച്ച പെർമിറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു†

(സി)&(ഡി) അർഹതപ്പെട്ട മുഴുവൻ അപേക്ഷകർക്കും ഘട്ടംഘട്ടമായി പെർമിറ്റുകൾ നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

101 (2287) കായംകുളം മണ്ഡലത്തിൽ പച്ചരി ക്ഷാമം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പച്ചരി ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച മേൽ നടപടികൾ വിശദീകരിക്കുമോ;

(സി) ആവശ്യമായ പച്ചരി മുടക്കം കൂടാതെ ലഭിക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ആലപ്പുഴ എഫ്.സി.ഐ. ഡിപ്പോയിൽ വിതരണയോഗ്യമായ പച്ചരി സ്റ്റോക്കില്ലാതിരുന്നതിനാൽ നല്ല അരി ലഭിക്കുന്നതുവരെ പച്ചരിയുടെ വിതരണത്തിന് ഏതാനും ദിവസത്തെ താമസം നേരിട്ടിരുന്നു.

(ബി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ സീനിയർ റീജിയണൽ മാനേജരോട് നല്ലയിനം പച്ചരി ആലപ്പുഴ ജില്ലയിൽ ഉടനടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും അതനുസരിച്ച് നല്ല പച്ചരി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വിതരണത്തിനാവശ്യമായ പച്ചരി എഫ്.സി.ഐ ഗോഡൗണുകളിൽ സ്റ്റോക്കുണ്ടായിരിക്കണമെന്ന് സീനിയർ റീജിയണൽ മാനേജരോടാവശ്യപ്പെട്ടിട്ടുണ്ട്.

102 (2288) മണ്ണെണ്ണ വിതരണത്തിലെ ക്രമക്കേട്

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യത്തിനുള്ള മണ്ണെണ്ണ റേഷൻ ഷോപ്പ് ഉടമകൾ യഥാസമയം എടുത്തു വിതരണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഗാർഹിക ഉപഭോക്താക്കളിൽനിന്നും മണ്ണെണ്ണയ്ക്ക് ലിറ്ററിന് അനുവദിച്ചിട്ടുള്ളതിലും കൂടുതൽ വില ഈടാക്കുകയും കരിഞ്ചന്തയിൽ മണ്ണെണ്ണ വില്പന നടത്തുകയും ചെയ്യുന്ന റേഷൻ കടകളുടെ പ്രവൃത്തി അന്വേഷിച്ച് കണ്ടുപിടിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ചിറയിൻകീഴ് താലൂക്ക് സിവിൽ സപ്ലൈസ് ഓഫീസിന്റെ കീഴിൽ വർക്കല നിയോജകമണ്ഡലത്തിൽ എത്ര റേഷൻ ഷോപ്പുകൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വിതരണം ചെയ്യുന്നതിനുള്ള മണ്ണെണ്ണ ഈ സിവിൽ സപ്ലൈസ് ഓഫീസിൽനിന്നും സ്ഥിരമായി ഓരോ മാസത്തിലും മാസാവസാനം മാത്രം കൈപ്പറ്റേണ്ട അവസ്ഥ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) മണ്ണെണ്ണ ഓരോ മാസത്തിലും ആദ്യം തന്നെ എടുത്ത് കരിഞ്ചന്തയിൽ വിൽപ്പന നടത്തിയിട്ട് മാസാവസാനം കുറഞ്ഞ മണ്ണെണ്ണ ഉപഭോക്താക്കൾക്ക് നൽകിവരുന്ന റേഷൻ കടകളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് എന്തൊക്കെ കാര്യങ്ങൾ ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(എഫ്) വർക്കല മണ്ഡലത്തിലും ഇടവാ പഞ്ചായത്തിൽ പ്രത്യേകിച്ചും പല റേഷൻ കടകളിലും ഇപ്രകാരം ചെയ്തുവരുന്ന പ്രവൃത്തി അന്വേഷണ വിധേയമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly